# അക്കാദമികമാസ്റ്റർ പ്ലാൻ
## 2025-26

സ്കൂളിന്റെ പേര് - **ഗവ.എൽ.പി.സ്കൂൾ,കൊടുന്തറ**

വിദ്യാഭ്യാസ ഉപജില്ല - **പത്തനംതിട്ട**

റവന്യൂ ജില്ല - **പത്തനംതിട്ട**

## ആമുഖം

പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി താലൂക്കിൽ പത്തനംതിട്ട മുനിസിപ്പാലിറ്റിയിലെ കൊടുന്തറയിലാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. കുരണ്ടിക്കര കെ. കേശവപിള്ള. തോമയിൽ ഗോവിന്ദൻനായർ, ഡോ. ബാലകൃഷ്ണപിള്ള എന്നിവരുടെ നേതൃത്വത്തിൽ 1435-ാം നമ്പർ ശ്രീ ഷണ്മുഖവിലാസം കരയോഗം അഞ്ച് സെന്റ് സ്ഥലവും. കരയോഗ കെട്ടിടവും ദാനമായി നൽകി 1948 ൽ ഈ വിദ്യാലയം ആരംഭിച്ചു. തുടർന്ന് സ്വകാര്യവ്യക്തികളിൽ നിന്നും സർക്കാർ ഭൂമി ഏറ്റെടുത്തു. അങ്ങനെ ഒന്നും രണ്ടും ക്ലാസുകൾ ആരംഭിച്ചു. തുടർന്നുള്ള വർഷങ്ങളിൽ മൂന്ന്, നാല്, അഞ്ച് ക്ലാസുകളും ആരംഭിച്ചു.

**പൊതു ലക്ഷ്യങ്ങൾ**

- **സ്കൂളിൽ തന്ന എല്ലാ കുട്ടികളും അത് ക്ലാസുകളിൽ എല്ലാ വിഷയങ്ങൾക്കും നേടേണ്ട പഠന ശേഷികൾ നേടി എന്ന് ഉറപ്പാക്കുക**
- **എല്ലാ കുട്ടികൾക്കും പഠനത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കുക**
- **സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കുന്നതിന് അവസരങ്ങൾ സൃഷ്ടിക്കുക**
- **മാനസിക വൈകാരിക ശാരീരിക ആരോഗ്യം ഉറപ്പുവരുത്തുക**
- **കുട്ടികൾക്ക് മികച്ച അക്കാദമിക് പുലർത്തുന്നതിന് അനുയോജ്യമായ ഭൗതികസാഹചര്യം**
- **മാതൃഭാഷയ്ക്ക് ഒപ്പം ഹിന്ദി ഇംഗ്ലീഷ് ഭാഷകളിൽ ഉയർന്ന ശേഷി കൈവരിക്കുക**
- **വിദ്യാലയ പ്രവർത്തനങ്ങൾക്ക് പിന്തുണയും ശ്രദ്ധയും ഉറപ്പിക്കാൻ ജനകീയ സംവിധാനങ്ങൾ ഉറപ്പിക്കുക**
-

## മെച്ചപ്പെട്ട ഭൗതിക സാഹചര്യം

<u>ലക്ഷ്യങ്ങൾ</u>

- വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങൾ എല്ലാ കുട്ടികൾക്കും ഉയർന്ന നിലവാരത്തിലുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്ന വിധത്തിൽ പുനരാവിഷ്കരിക്കുക
- ആധുനിക സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി പഠനാന്തരീക്ഷം, ശിശുസൗഹൃദ പരവും ആകർഷകവുമാക്കുക
- ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക വഴി കൂടുതൽ കുട്ടികളെ സ്കൂളിലെത്തിക്കുക. .

<u>പ്രവർത്തനങ്ങൾ</u>

- ചുറ്റുമതിൽ പെയിന്റ് ചെയ്ത് ആകർഷകമായ ചിത്രങ്ങൾ വരയ്ക്കുക.
- വായനാമുറി, ലാബി എന്നിവയ്ക്കായി രണ്ട് മുറികൾ സ്ഥാപിക്കുക.
- എല്ലാ കുട്ടികൾക്കും കസേര
- ക്ലാസ് മുറികളിൽ പഠനോപകരണങ്ങൾ സൂക്ഷിക്കുന്നതിന് ഭിത്തി അലമാര (അലൂമിനിയം)
- ലാപ്ടോപ്പ്, എൽ.സി.ഡി. പ്രൊജക്ടർ, ഡിജിറ്റൽ ബോർഡ് (2) എന്നിവ ലഭ്യമാക്കൽ
- പച്ചക്കറി തോട്ടം മെച്ചപ്പെടുത്തൽ
- ലൈബ്രറി, ലാബ് എന്നിവയ്ക്കായി നാല് അലമാരകൾ കൂടി ലഭ്യമാക്കണം.
- പച്ചക്കറി ഉത്പാദനത്തിൽ സ്വയം പര്യാപ്തത നേടണം
- സ്കൂൾ ഗ്രൂപ്പുകൾക്ക് പൂന്തോട്ടത്തിന്റെ ചുമതല നൽകൽ ഓരോ ഗ്രൂപ്പിനും നിശ്ചിത സ്ഥലം നൽകൽ
- പ്രീ-പ്രൈമറി വിഭാഗത്തിന് ആവശ്യമായ ഫർണിച്ചറുകൾ വാങ്ങണം
- കളി ഉപകരണങ്ങൾ ഇൻഡോർ/ഔട്ട്ഡോർ ക്രമീകരിക്കണം.
- ക്ലാസ് പ്രദർശന ബോർഡുകൾ സ്ഥാപിക്കൽ
- പാചകപ്പുര. സ്റ്റോർ റൂം എന്നിവ ബന്ധിപ്പിക്കണം
- കിണറിന് സമീപമുള്ള ടാപ്പുകൾ പരിസരം ടൈൽസ് പാകണം
- സ്കൂൾ കെട്ടിടത്തിൽ പുതിയ പെയിന്റിംഗ് നടത്തണം
- ഔഷധത്തോട്ടം നിർമ്മിക്കണം
- ആവശ്യമായ കാർഷിക ഉപകരണങ്ങൾ വാങ്ങണം
- ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കണം
- ക്ലാസ്മുറികളിലെ നിലവിലുള്ള വിഭജനമറകൾ മാറ്റി അലൂമിനിയം ഫേബ്രിക്കേഷൻ വഴിയുള്ള വിഭജന മറകൾ സ്ഥാപിക്കണം
- എല്ലാ ബഞ്ചുകളും വയ്ക്കുകളും വ്യത്യസ്തമായ പെയിന്റ് അടിച്ച് ആകർഷകമാക്കണം.

- സ്കൂളിന്റെ പുറകുവശം മുറ്റവും കൃഷിത്തോട്ടവും സെപ്പറേറ്റ് ചെയ്യുന്ന ചെറിയ മതിൽ നിർമ്മിക്കുക.

**ആരോഗ്യശുചിത്വ വിദ്യാലയം**

- ആരോഗ്യശീലങ്ങൾ പാലിക്കൽ, പൊതുഇടങ്ങൾ വൃത്തിയായി സൂക്ഷിക്കൽ തന്റെ കടമയാണെന്ന് മനസ്സിലാക്കി പ്രവർത്തിക്കുവാനുള്ള അവസരം സ്കൂളിൽ ഉറപ്പാക്കൽ
- ആരോഗ്യ സംരക്ഷണം, പോഷകാഹാരം, ശുചിത്വാന്തരീക്ഷം എന്നിവ എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്തൽ

**പ്രവർത്തനങ്ങൾ**

- ആഴ്ചയിലൊരിക്കൽ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങൾ നേതൃത്വം നൽകി സ്കൂൾ പരിസരം വൃത്തിയാക്കലിന് ആരംഭം കുറിക്കും.
- കുട്ടികൾക്കും രക്ഷിതാക്കൾക്കും ആരോഗ്യശുചിത്വ ബോധവൽക്കരയണ ക്ലാസ്. മെഡിക്കൽ ക്യാമ്പുകൾ
- ക്ലാസ് മുറികളും സ്കൂളുകളും ആകർഷകമാക്കൽ
- ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങൾക്കായി ഹെൽത്ത് ക്ലബ് സജീവമാക്കും
- നാടൻ വിഭവങ്ങൾക്കും നാട്ടുരുചികൾക്കും സ്ഥാനം നൽകി ഭക്ഷണമെനു തയ്യാറാക്കി പ്രദർശിപ്പിക്കൽ
- എസ്.എം.സി. യോഗങ്ങളിൽ ആരോഗ്യരംഗത്തെ വിദഗ്ധരെ ക്ഷണിച്ച് ചർച്ച നടത്തൽ
- ഉച്ചഭക്ഷണകമ്മിറ്റി കൃത്യമായി ചേരലും പ്രവർത്തനങ്ങൾ അവലോകനം ചെയ്യലും
- ഇലക്കറികളുടെ വൈവിധ്യം കുട്ടികളെ പരിചയപ്പെടുത്തൽ
- ദിനാചരണങ്ങൾ, ആഘോഷങ്ങൾ, ജന്മദിനം എന്നിവയുമായി ബന്ധപ്പെടുത്തി പ്രത്യേക വിഭവങ്ങൾ
- എന്റെ പിറന്നാൾ വിഭവം' ഉച്ചഭക്ഷണപരിപാടിയിൽ ജന്മദിനത്തിന് കുട്ടികളുടെ വിഭവം
- ഭക്ഷണശാലയിൽ പാത്രങ്ങൾ, അനുബന്ധസാമഗ്രികൾ എന്നിവ സൂക്ഷിക്കുന്നതിന് അലമാര.
- ഭക്ഷണശീലവുമായി ബന്ധപ്പെട്ട പോസ്റ്ററുകൾ തയ്യാറാക്കി സ്ഥിരമായി പ്രദർശിപ്പിക്കൽ
- കേരളത്തിലെ വിവിധയിനം നാടൻ പാനിയങ്ങൾ പരിചയപ്പെടുത്തൽ
- ഭക്ഷ്യമേള സംഘടിപ്പിക്കൽ
- ഉക്ഷഭക്ഷണം മോണിറ്ററിംഗ് കൃത്യമാക്കൽ
- രക്ഷിതാക്കളിലൊരാളെങ്കിലും എല്ലാ ദിവസവും സ്കൂളിൽ നിന്ന് ഭക്ഷണം കഴിക്കു ന്നതിന് അവസരം നൽകൽ
- കുട്ടികൾക്കും കുടിക്കുന്നതിന് ശുദ്ധജലം ഉറപ്പുവരുത്തുന്നു
- സ്കൂൾ പാചകത്തെ പഠനവുമായി ബന്ധിപ്പിക്കൽ
- പാചകത്തൊഴിലാളികളെ പൊതുവേദിയിൽ ആദരിക്കൽ
- വൈകുന്നേരങ്ങളിൽ വിദ്യാർത്ഥികൾക്ക് ഭക്ഷണം ഒരുക്കൽ
- സ്കൂൾ ഭക്ഷണ മെനു നിശ്ചയിക്കുന്നതിലും വിലയിരുത്തുന്നതിലും കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുക.
- വിദ്യാലയത്തിലും വീട്ടിലും കൃഷി പരിപാടി ആരംഭിക്കൽ
- സ്കൂളിനുവേണ്ട പച്ചക്കറി ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കൽ
- കൃഷിഭവനിൽ നിന്നും വിത്തുകൾ സംഘടിപ്പിക്കൽ
- കൃഷിയുമായി ബന്ധപ്പെട്ട പഠനക്ലാസ് രക്ഷിതാക്കൾക്ക്
- പച്ചക്കറി കൃഷി, പരിപാലനം എന്നിവ സംബന്ധിച്ച് ബോധവത്ക്കരണ ക്ലാസ്
- വീട്ടിൽ മികച്ച രീതിയിൽ കൃഷി നടത്തുന്നവർക്ക് സ്കൂൾ വക സമ്മാനം
- കർഷകരുമായി അഭിമുഖം, സ്കൂൾ വളപ്പിലെ കൃഷിയിൽ അവരുടെ സേവനം ഉറ പ്പാക്കൽ
- സ്കൂൾ അടിസ്ഥാന ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ സ്കൂൾതല കാർഷികപ്രവർത്ത നങ്ങൾ

- കൃഷിക്ക് വിവിധ ക്ലാസ്സുകളിലെ പഠനപ്രവർത്തനങ്ങളുമായുള്ള ബന്ധം ഉപയോഗ പ്പെടുത്തി കൃഷി
-
- പരിസ്ഥിതി ക്ലബ് മേൽനോട്ടത്തിൽ കാർഷിക പ്രവർത്തനങ്ങൾ നടത്തുക
- ജൈവവളനിർമ്മാണ പരിശീലനം
- നാട്ടിൽ നിന്നും വളങ്ങൾ (ചാണകം, ചാരം) ശേഖരിക്കൽ
- സ്കൂൾ കേന്ദ്രീകരിച്ച് സമൂഹത്തിലും പച്ചക്കറി കൃഷി വ്യാപിപ്പിക്കുക
- ഇതിനായി തിരഞ്ഞെടുത്ത വീടുകളിലെ ആളുകൾക്ക് ക്ലാസ്സുകൾ നൽകി വിത്ത്. തൈ വിതരണം നടത്തുക
- കൃഷി വാർത്തകൾ ശേഖരണം, പതിപ്പിക്കൽ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ
- കൃഷി വിശേഷാൽ പതിപ്പ് അച്ചടിച്ച് പ്രസിദ്ധീകരിക്കൽ
- സന്നദ്ധ സംഘടനകളുടെ സഹായത്തോടെ കാർഷിക പ്രദർശനങ്ങളും ക്ലാസ്സുകളും
- വ്യത്യസ്ഥ ഇനം കൃഷിരീതികൾ, ജൈവകൃഷി, കുട്ടികൾ നടത്തുന്ന കൃഷിത്തോ ട്ടങ്ങൾ എന്നിവ സംബന്ധിച്ച പ്രദർശനങ്ങൾ (വീഡിയോ) നടത്തുക.
- സ്കൂൾ ക്ലാസ്, വ്യക്തി ശുചിത്വ സൂചകങ്ങൾ കുട്ടികളുടെ പങ്കാളിത്തത്തോടെ വികസിപ്പിക്കൽ, അച്ചടിച്ച് പ്രദർശിപ്പിക്കുക.
- ശുചിത്വ മോണിറ്ററിംഗ് ഗ്രൂപ്പുകളുടെ ചുമതലപ്പെടുത്തലുകൾ
- ശുചിത്വ പോലീസ്' സംവിധാനം ഏർപ്പെടുത്തുക
-

**അക്കാദമിക് മികവ്**

**1. അടിസ്ഥാശേഷി വികസനം**
**ഗണിതം**
ലക്ഷ്യം
എല്ലാ കുട്ടികളും ക്ലാസ് നിലവാരത്തിനനുസൃതമായി ഗണിത ശേഷികൾ കൈവരിക്കുക.

**പ്രവർത്തനങ്ങൾ**
- പ്രീ ടെസ്റ്റ് നിലവിലെ അവസ്ഥാ വിശകലനം
- ഗണിതശേഷി വികസനത്തിനായി പ്രവർത്തന പാക്കേജ് (ഗണിതം - ജീവിതം)
- അമ്മമാരുടെ സഹായത്തോടെ വീട്ടിലെ ഗണിത പഠന സാധ്യതകൾ ഉപയോഗപ്പെടുത്തൽ
- സ്കൂൾ തല ഗണിതമേള
- ഗണിത ലാബ് തയ്യാറാക്കൽ
- എല്ലാ കുട്ടികൾക്കും ഗണിത കീറ്റ്
- പ്രകൃതിയിലെ ഗണിതം കണ്ടെത്തൽ
- ഗണിത പതിപ്പുകൾ
- ഗണിതാശയങ്ങൾ വ്യത്യസ്ത രൂപത്തിൽ അവതരിപ്പിക്കൽ (കത്ത്, കഥ....)
- ഗണിത നിർമ്മാണ കളരി
- കുസൃതി ചോദ്യപ്പെട്ടി
- ഗണിത പഠനത്തിന്റെ കമ്പ്യൂട്ടർ സാധ്യതകൾ
- സ്കൂൾ 'സമ്പാദ്യ' പ്രവർത്തനങ്ങൾ

- നിത്യജീവിതത്തിലെ ഗണിതസന്ദർഭങ്ങൾ കണ്ടെത്തുന്നതിനും ഗണിത ക്ലാസ്
- 

**മലയാളം**

**ലക്ഷ്യം**
അടിസ്ഥാന ഭാഷാശേഷികൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ
**പ്രവർത്തനങ്ങൾ**

- വിദ്യാരംഗം / സാഹിത്യസമാജം ശക്തമാക്കൽ
- ഭാഷാ കേളികൾ പഠനത്തോടൊപ്പവും അസംബ്ലിയിലും
- ചിത്രകഥാ വായനാ പരിപാടി
- അക്ഷരത്തെറ്റ് പരിഹരിക്കുവാൻ പ്രത്യേക പ്രവർത്തന പാക്കേജ്
- പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക സഹായ പ്രവർത്തനങ്ങൾ
- വ്യക്തിഗതമായ പതിപ്പുകൾ തയ്യാറാക്കൽ, എഡിറ്റിംഗ്
- പത്രവാർത്ത എഴുതൽ, വായിക്കൽ
- മലയാളം കമ്പ്യൂട്ടർ ടൈപ്പിംഗ് പരിശീലനം
- സാഹിത്യ ക്വിസ്, പ്രതിമാസം
- സർഗാത്മക രചനാ ശില്പശാലകൾ
- ഭാഷാപഠന മികവിന് എഡിറ്റിംഗ് - അധ്യാപകരുടെയും കുട്ടികളുടെയും നേതൃത്വത്തിൽ
- ക്ലാസ് പത്രം, സ്കൂൾ പത്രം
- വർത്തമാനപത്രങ്ങൾ സ്കൂളിന് ലഭ്യമാക്കൽ
- പ്രാദേശിക വിദഗ്ധരുമായി അഭിമുഖം
- വളരുന്ന ചുമർമാസിക
- വായനാ വികസനത്തിന് പ്രവർത്തനപാക്കേജ്
- സാഹിത്യകാരന്മാരുമായി നേരിലും ഫോണിലും അഭിമുഖം

**ഇംഗ്ലീഷ്**
**ലക്ഷ്യം**
ഇംഗ്ലീഷ് അനായാസം ആശയവിനിമയം നടത്തുവാൻ നാലാം ക്ലാസ് പൂർത്തിയാവുമ്പോൾ എല്ലാ കുട്ടികൾക്കും കഴിയുക

**പ്രവർത്തനങ്ങൾ**

- ഇംഗ്ലീഷ് അസംബ്ലി
- ഇംഗ്ലീഷ് ഡിസ്പ്ലേ ബോർഡ് - ഇന്നത്തെ വാക്ക്
- ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ ട്രെയിനിംഗ്
- ഇംഗ്ലീഷ് റീഡിംഗ് കോർണർ
- ഇംഗ്ലീഷ് ക്യാമ്പ്, ഫെസ്റ്റ്
- ദിനപത്രം (ഇംഗ്ലീഷ്) ലഭ്യമാക്കൽ
- തീയേറ്റർ - കുട്ടികളുടെ ഇംഗ്ലീഷ് സിനിമകൾ പരിചയപ്പെടുത്തുന്നതിന് അവസരം
- ഇംഗ്ലീഷ് പ്രസംഗത്തിന് അസംബ്ലിയിൽ അവസരം നൽകൽ
- കമ്പ്യൂട്ടർ സഹായത്തോടെ ഇംഗ്ലീഷ് കേൾക്കുന്നതിനും ഉച്ചരിക്കുന്നതിനും
- ബാലസഭയിൽ ഇംഗ്ലീഷി ടൈം
- രക്ഷിതാക്കൾക്ക് ഇംഗ്ലീഷ് ആശയവിനിമയ പരിശീലനം

- ഇംഗ്ലീഷ് മാസിക നിർമ്മാണം
- തിയേറ്റർ സാധ്യതകൾ ഇംഗ്ലീഷ് പഠനത്തിന്
- ഇംഗ്ലീഷ് ക്വിസ് പ്രതിമാസം
- പപ്പറ്റ്ഷോ ഫോർ ഇംഗ്ലീഷ് ലേണിംഗ്
- ഇംഗ്ലീഷ് വാൾ മാഗസിൻസ്
- ഇക്യൂബ് പ്രവർത്തനങ്ങൾ

**കമ്പ്യൂട്ടർ വിദ്യാഭ്യാസം**

ലക്ഷ്യങ്ങൾ

- ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി വിവരങ്ങൾ ശേഖരിക്കുവാനുള്ള പ്രാഥമിക പാഠങ്ങൾ കുട്ടികളെ പരിചയപ്പെടുത്തൽ
- നാല്, അഞ്ച് ക്ലാസ്സിലെ കുട്ടികൾക്ക് മലയാളം ടൈപ്പ് ചെയ്യാനുള്ള ശേഷി വളർത്തുക
- കമ്പ്യൂട്ടർ ഉപയോഗപ്പെടുത്തിയുള്ള പഠനത്തിലൂടെ പഠനം കാര്യക്ഷമമാക്കുക.
-

**പ്രവർത്തനങ്ങൾ**

- അഞ്ച് കുട്ടികൾക്ക് ഒന്ന് എന്ന രീതിയിൽ കമ്പ്യൂട്ടർ അനുപാതം ഉയർത്തുക. ലാപ്പ്ടോപ്പുകൾ എല്ലാ ക്ലാസ് മുറിയിലേക്കും.
- ഓരോ ക്ലാസിലും പഠന വിഷയവുമായി ബന്ധപ്പെട്ടവർ കമ്പ്യൂട്ടർപഠനസാധ്യതകൾ ലിസ്റ്റ് ചെയ്യൽ
- രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും കമ്പ്യൂട്ടർ പരിശീലന ശില്പശാലകൾ
- എല്ലാ അധ്യാപകരും കമ്പ്യൂട്ടർ ഉപയോഗിച്ച് പഠന പ്രവർത്തനങ്ങൾ ചെയ്യാൻ പ്രാപ്തരാവുക.
- വിദ്യാലയത്തിൽ നിന്നുള്ള അറിയിപ്പുകൾ. ക്ലാസ് പത്രം, നോട്ടീസ്, റിപ്പോർട്ട്
- എന്നിവ കുട്ടികൾ, അധ്യാപകർ എന്നിവർ ടൈപ്പ് ചെയ്ത് പുറത്താക്കുക
- ക്ലാസ്, പി.ടി.എ.യിൽ കമ്പ്യൂട്ടർ അധിഷ്ഠിത ബോധത്തിന്റെ സാധ്യതകൾ രക്ഷിതാക്കളെ പരിചയപ്പെടുത്തുക.
- കുട്ടികൾക്ക് നിശ്ചിത സമയം ഉറപ്പാക്കത്തക്കവിധത്തിൽ പരിശീലനത്തിന് സമയം ക്രമീകരിക്കുക.
- കമ്പ്യൂട്ടർ അധിഷ്ഠിത പഠനത്തിന് വിഭവങ്ങൾ സമാഹരിക്കൽ
- കുട്ടികളുടെ കമ്പ്യൂട്ടർ നൈപുണ്യം പൊതുസമൂഹത്തെ ബോധ്യപ്പെടുത്തുന്ന വിധമുള്ള പ്രവർത്തനങ്ങൾ വാർഷികാഘോഷത്തിൽ സംഘടിപ്പിക്കുക.

**പരിസരത്തെ അറിഞ്ഞ് പഠിക്കാം**

ലക്ഷ്യങ്ങൾ

പ്രൈമറി ക്ലാസിലെ കുട്ടികൾക്ക് ആവശ്യമായ ശാസ്ത്രാഭിരുചിയും സാമൂഹ്യ നൈപുണ്യവും കൈവരിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.

**പ്രവർത്തനങ്ങൾ**

അഞ്ചാം തരംവരെയുള്ള ക്ലാസുകളിലെ പരീക്ഷണങ്ങൾ ലിസ്റ്റ് ചെയ് തയ്യാറാക്കൽ

പരീക്ഷണ പ്രവർത്തനങ്ങൾ ചെയ്യുന്നതിനാവശ്യമായ സാമഗ്രികൾ ശേഖരിക്കുക.

പ്രാദേശികമായ സമാഹരിക്കാവുന്ന പരീക്ഷണ സാമഗ്രികൾ

പ്രാദേശിക വിഭവ ഭൂപടനിർമ്മാണം

പരീക്ഷണക്കുറിപ്പുകൾ മികച്ചവയ്ക്ക് സമ്മാനം
ശാസ്ത്രമാസികകൾ, ലഭ്യമാക്കൽ
ശാസ്ത്രവാർത്ത, ശാസ്ത്രജ്ഞന്മാരുമായി ബന്ധപ്പെട്ട വാർത്തകൾ
അസംബ്ലിയിലും ക്ലാസ് പി.ടി.എ.യിലും പരീക്ഷണങ്ങൾ അവതരിപ്പിക്കൽ
ശാസ്ത്ര പ്രദർശനം വാർഷികത്തോടനുബന്ധിച്ച്
സ്കൂൾ വളപ്പിലെ സസ്യങ്ങൾ ലിസ്റ്റ് ചെയ്യൽ പാഠഭാഗങ്ങളുമായി ബന്ധിപ്പിക്കൽ
സ്കൂൾ പച്ചക്കറിത്തോട്ടം പ്രവർത്തനങ്ങളെ പാഠഭാഗങ്ങളുമായി ബന്ധിപ്പിക്കൽ

സ്കൂൾ ലാബ്. പ്രത്യേക മുറി, അലമാരകൾ, സാമഗ്രികൾ. പരീക്ഷണ ഉപകരണങ്ങൾ... തുടങ്ങിയവ വിവിധ ഫണ്ടുകൾ ഉപയോഗപ്പെടുത്തുക.
ശാസ്ത്ര കൗതുക ഗ്യാലറി രൂപപ്പെടുത്തൽ
സ്കൂൾ പ്രവർത്തനങ്ങളെ (കൃഷി, പാചകം, ശുചിത്വം) പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കൽ
നക്ഷത്ര നിരീക്ഷണ ക്ലാസ്
ചോദ്യോത്തരപ്പെട്ടി സ്ഥാപിക്കൽ
പരിസ്ഥിതി ക്വിസ് സംഘടിപ്പിക്കൽ
മറ്റ് സ്കൂളുകളുമായി ചേർന്ന് ശാസ്ത്ര ക്വിസ്
ബഹിരാകാശവാരാചരണ പ്രവർത്തനങ്ങൾ ചിട്ടയായി സംഘടിപ്പിക്കൽ
ശാസ്ത്രസാങ്കേതിക സ്ഥാപനങ്ങൾ സന്ദർശനം
കൃഷിഭവൻ ഉപയോഗപ്പെടുത്തി വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ
പരീക്ഷണ ശില്പശാല
ശാസ്ത്രവാർത്തകൾ, ശാസ്ത്രജ്ഞന്മാരുടെ ചിത്രങ്ങൾ എന്നിവ സ്ഥിരമായി പ്രദർശിപ്പിക്കുന്നതിന് സംവിധാനം ഒരുക്കൽ

**പഠനോപകരണ നിർമ്മാണം**

ലക്ഷ്യങ്ങൾ

പഠനം ഫലപ്രദമാക്കുന്നതിന് സഹായകമായ പഠനോപകരണങ്ങൾ എല്ലാ ക്ലാസിലും ഉറപ്പാക്കുക.

**പ്രവർത്തനങ്ങൾ**

- നിലവിലെ പഠനോപകരണങ്ങൾ ലിസ്റ്റ് ചെയ്യൽ
- ഓരോ ക്ലാസിലും ഓരോ വിഷയത്തിനും സഹായകമായ പഠനോപകരണങ്ങളുടെ പട്ടിക തയ്യാറാക്കൽ
- പഠനോപകരണനിർമ്മാണ ശില്പശാല - പ്രാദേശിക വൈദഗ്ധ്യം ഉപയോഗപ്പെ ടുത്തൽ
- കളിപ്പാട്ട നിർമ്മാണ ശില്പശാല
- പഠനോപകരണങ്ങൾ, റിസോഴ്സസ് മെറ്റീരിയൽസ് സ്പോൺസർ ചെയ്യൽ
- കുട്ടികളുടെ പഠനോൽപ്പന്നങ്ങളുടെ പ്രദർശനം സംഘടിപ്പിക്കൽ
- പഠനോപകരണങ്ങൾ സൂക്ഷിക്കുന്നതിന് ആവശ്യമായ അലമാരകൾ ലഭ്യമാക്കൽ
- പഠനോപകരണ കൈപ്പുസ്തകം പ്രിന്റ് ചെയ്ത് പ്രസിദ്ധീകരിക്കൽ
- പ്രവൃത്തി പരിചയ ശില്പശാല
- പ്രവൃത്തി പരിചയ മത്സരങ്ങൾക്കുള്ള വിദ്യാർത്ഥികളെ മുൻകൂട്ടി നിശ്ചയിച്ച് പരിശീലനം നൽകൽ.
- കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ പഠനോപകരണങ്ങൾ തയ്യാറാക്കൽ
- സ്കൂളിൽ അക്വേറിയം സ്ഥാപിക്കൽ
- ബിഗ്പിച്ചർ രൂപപ്പെടുത്തുവാൻ കഴിയുംവിധം വിഭജനമറകൾ മാറ്റുകൾ

- ഒന്ന്, രണ്ട് ക്ലാസുകളിലേക്കുള്ള വായനാസാമഗ്രി വികസിപ്പിക്കൽ അച്ചടിച്ച് കുട്ടികൾക്ക് നൽകൽ
- എല്ലാ കുട്ടികളും സ്വന്തമായി രൂപപ്പെടുത്തുന്ന കൈഎഴുത്ത് മാസിക വാർഷിക ദിനത്തിൽ പൂർത്തിയാക്കുക.
- 'എന്റെ പാട്ട് പുസ്തകം', 'എന്റെ കഥാപുസ്തകം' എല്ലാ കുട്ടികൾക്കും ഏർപ്പെടുത്തൽ

**കലാ-കായിക പ്രവൃത്തി പരിചയം**

ലക്ഷ്യങ്ങൾ

- കുട്ടികൾക്കുള്ള വ്യത്യസ്തമായ കഴിവുകൾ തിരിച്ചറിഞ്ഞ് അവയിൽ കഴിവ് വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനാനുഭവം ഒരുക്കുക.
- പ്രാദേശിക വൈദഗ്ധ്യം കലാകായിക പ്രവൃത്തി പരിചയ ഇനങ്ങളിലടക്കം വിദ്യാലയത്തിനായി പ്രയോജനപ്പെടുത്തുക.

പ്രവർത്തനങ്ങൾ

- ഗാനാലാപന പരിശീലനം (സംഘഗാനം, നാടൻപാട്ട്)
- നൃത്തപരിശീലനം

- ചിത്രരചനാ പരിശീലനക്കളരി
- കരകൗശലവസ്തു നിർമ്മാണ പരിശീലനക്കളരി സംഘടിപ്പിക്കൽ
- സ്കൂൾ തലത്തിൽ പ്രവൃത്തി പരിചയമേള പ്രാദേശിക വൈദഗ്ധ്യം ഉപയോഗപ്പെടുത്തി
- കായികാധ്യാപകന്റെ സേവനം ഉപയോഗപ്പെടുത്തി വിദ്യാർത്ഥികൾക്ക് പരിശീലനം
- ക്ലേമോഡലിംഗ് പരിശീലനം
- നാടകക്കൂട്ടം രൂപീകരണം - നാടകത്തെ ബോധനതന്ത്രമായി പ്രയോജപ്പെടുത്തൽ
- നോട്ട്ബുക്ക് എഴുതുമ്പോൾ - ലേഔട്ടിന്റെ പ്രാഥമിക പാഠങ്ങൾ പരിചയപ്പെടുത്തൽ
- കൊളാഷ് നിർമ്മാണം
- ബാലസഭ സജീവമാക്കൽ - പ്രതിവാര ബാലസഭയിൽ ക്ലാസ് തലത്തിൽ രൂപപ്പെട്ട കലാപ്രവർത്തനങ്ങളുടെ അവതരണം
- അസംബ്ലിയിൽ കലാപരിപാടി അവതരിപ്പിക്കാൻ നിശ്ചിതസമയം
- അഭിനയ ശില്പശാല ക്രിസ്തുമസ് അവധിക്കാലത്ത് കല/കായിക/രംഗത്ത്
- പ്രത്യേക പരിശീലനം ആവശ്യമുള്ളവർക്ക് അത് ഒരുക്കി കൊടുക്കൽ
- കുട്ടികളുടെ കായികമേളയിലെ ഇനങ്ങൾ പരിചയപ്പെടുത്തൽ
- ആവശ്യമായ കായിക, കലാ ഉപകരണങ്ങൾ സ്കൂളിൽ ലഭ്യമാക്കൽ
- കായിക രംഗത്തെയും കലാരംഗത്തേയും വിശിഷ്ട വ്യക്തിത്വങ്ങളെ കുട്ടികൾക്ക് നേരിട്ട് പരിചയപ്പെടുത്തൽ (അഭിമുഖം, ഭവനസന്ദർശനം)
- ടെലിഫോൺ സംഭാഷണങ്ങൾ വഴി കലാ കായിക രംഗത്തെ പ്രമുഖരുമായി സംവദിക്കുവാൻ വിദ്യാർത്ഥികൾക്ക് അവസരമൊരുക്കൽ
- രക്ഷിതാക്കളുടെ കലാപരിപാടികൾ ക്ലാസ്/സ്കൂൾ പി.ടി.തല അവതരണം
- പാഠഭാഗവുമായി ബന്ധിപ്പിച്ച് നാടകം, സംഗീത ശില്പം, ചിത്രീകരണം, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയുടെ സാധ്യത ലിസ്റ്റ് ചെയ്യൽ

തീം ആൽബം സ്കൂൾ തലത്തിൽ നിർമ്മിക്കൽ

**സാമൂഹ്യജീവിതപരിശീലനം**

**സ്കൂൾ അസംബ്ലി**

ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളുടെ നേതൃത്വപരമായ കഴിവുകളെ സഭാകമ്പമില്ലാതെ സദസ്സിനെ അഭിമുഖീകരിക്കാനുള്ള ശേഷിയും വികസിപ്പിക്കുക.
- കുട്ടികളുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിനുള്ള വേദിയായി സ്കൂൾ അസംബ്ലിയെ പുനഃസംഘടിപ്പിക്കുക.
-

**പ്രവർത്തനങ്ങൾ**

- സ്കൂൾ അസംബ്ലി പ്രവർത്തനത്തിന് ഒരു മാർഗരേഖ തയ്യാറാക്കൽഎല്ലാ വിദ്യാർത്ഥികൾക്കും അസംബ്ലി ചുമതലകൾ ചെയ്യുവാൻ അവസരം ലഭിക്കത്തക്കവിധം കൃത്യമായ പ്ലാനർ തയ്യാറാക്കി പ്രദർശിപ്പിക്കൽ
- അസംബ്ലി ഗ്രൂപ്പായി സ്കൂൾ പൊതുഗ്രൂപ്പിനെ ഉപയോഗപ്പെടുത്തൽ
- മികച്ച പ്രവർത്തനങ്ങൾ നടത്തുന്നവർക്ക് അസംബ്ലിയിൽ അംഗീകാരം
- പത്രവാർത്തകൾ അവതരിപ്പിക്കുന്നതിന് മുമ്പ് ഗ്രൂപ്പ് തലത്തിൽ കൂടിയിരുന്ന് കുട്ടികൾക്ക് തയ്യാറാക്കുന്നതിന് അവസരം
- അസംബ്ലി പ്രവർത്തനങ്ങൾ അധ്യാപകർക്ക് മാറി മാറി ചുമതല നൽകൽ, ഓരോ ദിവസവും ഓരോരുത്തർ
- അസംബ്ലിയിൽ ദക്ഷിതാക്കൾക്കും പങ്കെടുക്കുവാൻ അവസരം
- ഇംഗ്ലീഷ് അസംബ്ലി ആഴ്ചയിലൊരിക്കൽ
- അസംബ്ലി പ്രവർത്തനങ്ങൾ ഇരുന്ന് വീക്ഷിക്കുന്നതിന് കുട്ടികൾക്ക് ഉച്ചഭക്ഷണഹാളിൽ സൗകര്യം ഒരുക്കുക.
- ക്ലാസ് തലത്തിലെ മികച്ച ഉത്പന്നങ്ങൾ അസംബ്ലി ഹാളിൽ പ്രദർശിപ്പിക്കുക
- പ്രത്യേക പരിണന അർഹിക്കുന്ന കുഞ്ഞുങ്ങൾക്ക് അസംബ്ലി പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിന് അവസരമൊരുക്കൽ
- വിശേഷദിനങ്ങളിൽ പ്രാദേശിക വിദഗ്ധരുടെ സേവനം അസംബ്ലിയിൽ ഉപയോഗപ്പെടുത്തുക.

**ദിനാചരണങ്ങൾ**

സ്കൂളും സമൂഹവുമായുള്ള ബന്ധം ശക്തിപ്പെടുത്തുംവിധം അക്കാദമി പ്രവർത്തദിനാചരണങ്ങൾനങ്ങൾ ആവിഷ്കരിച്ച് ക്ലാസ്റൂം പ്രവർത്തനങ്ങളെ ദിനാചരണങ്ങളിപ്രവർത്തനങ്ങൾലൂടെ ശക്തിപ്പെടുത്തുക.

**പ്രവർത്തനങ്ങൾ**

- ദിനാചരണ കലണ്ടർ തയ്യാറാക്കുക (സാഹിത്യം, ചരിത്രം, ആഘോഷം, സാമൂഹികം...)
- ദിനാചരണ കലണ്ടറിന്റെ കൂടി അടിസ്ഥാനത്തിൽ വാർഷിക പ്രവർത്തനങ്ങൾ, പ്രതിമാസ പ്രവർത്തനങ്ങൾ തയ്യാറാക്കൽ
- പ്രതിമാസ പ്രവർത്തനങ്ങളെ ആസ്പദമാക്കി ക്ലാസ്തല പ്രവർത്തന കലണ്ടർ രൂപപ്പെടുത്തുക.
- ദിനാചരണ കലണ്ടറിന്റെ കൂടി അടിസ്ഥാനത്തിൽ വാർഷിക പ്രവർത്തനങ്ങൾ. പ്രതിമാസ പ്രവർത്തനങ്ങൾ തയ്യാറാക്കൽ

- പ്രതിമാസ പ്രവർത്തനങ്ങളെ ആസ്പദമാക്കി ക്ലാസ്തല പ്രവർത്തനകലണ്ടർ രൂപപ്പെടുത്തുക.
- ദിനാചരണ പ്രവർത്തനങ്ങളെ സ്കൂൾ തലത്തിൽ നടത്താവുന്നവ, ഓരോ ക്ലാസിലും നടത്താവുന്നവ എന്ന നിലയിൽ കണ്ട് ആസൂത്രണം നടത്തൽ
- ഓരോ ദിനാചരണത്തിനും വിദ്യാർത്ഥികളുടെ ഒരു ഗ്രൂപ്പിന് ചുമതല നൽകൽ
-
- അധ്യാപകർക്കും രക്ഷിതാക്കൾക്കും ഇവരെ സഹായിക്കുന്നതിനായി ചുമതല നൽകൽ
- അധ്യാപകർക്കും രക്ഷിതാക്കൾക്കും ഇവരെ സഹായിക്കുന്നതിനായി ചുമതല നൽകൽ
- ദിനാചരണത്തിന്റെറെ പ്രാധാന്യത്തിനനുസ്യതമായി പ്രാദേശിക വിദഗ്ധരെ പ്രയോജനപ്പെടുത്തുക.
-
- ദിനാചരണ പ്രവർത്തനങ്ങളിൽ പൊതുസമൂഹത്തിലേക്ക് ആശയമെത്തിക്ക വിധമുള്ള പ്രവർത്തനങ്ങൾ ഉറപ്പാക്കൽ
- ദിനാചരണ പ്രവർത്തനങ്ങളോടനുബന്ധിച്ച് രക്ഷകർത്തുബോധവൽക്കരണം, പൊതുക്ലാസ് നടത്തൽ
- ദിനാചരണത്തിന്റെ ഭാഗമായി കുട്ടികളുടെ അക്കാദമി നിലവാരം ഉയർത്തുന്ന തരത്തിലുള്ള ഉൽപ്പന്നങ്ങൾ രൂപപ്പെടുത്തുന്നതിനും പ്രദർശിപ്പിക്കുന്നതിനും ആവിഷ്കാര പ്രകടനങ്ങൾക്കും വേദിയൊരുക്കൽ
-
- ഓരോ ദിനാചരണവും വ്യത്യസ്തമാർന്ന പ്രവർത്തനങ്ങൾ വഴി ആശയങ്ങൾ കുട്ടികളിലെത്താൻ കൃത്യമായ പ്ലാനിംഗ് എസ്.ആർ.ജി. ജില്ലയിൽ നടക്കണം.

## III. ക്ലബ് പ്രവർത്തനങ്ങൾ

**ലക്ഷ്യം**
വിവിധ ക്ലബ് പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് കൊണ്ട് കുട്ടികളിൽ നേതൃത്വപാടവം, ആശയവിനിമയശേഷി, ശാസ്ത്രാവബോധം, ജനാധിപത്യബോധം എന്നിവ വളർത്തുക.

**പ്രവർത്തനങ്ങൾ**

- സ്കൂൾ തലത്തിൽ രൂപീകരിക്കേണ്ട ക്ലബുകൾ ഏതെന്ന് കൃത്യമായി നിശ്ചയിക്കൽ
- ഓരോ ക്ലബ്ബിനും ഓരോ മാസവും എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തണമെന്ന് നിശ്ചയിച്ച് വാർഷിക പദ്ധതി രൂപപ്പെടുത്തൽ
- ക്ലബ്ബിന്റെ പ്രവർത്തനത്തിന് അധ്യാപകർ, രക്ഷിതാക്കൾ, കുട്ടികൾ എന്നിവർക്ക് ചുമതല നിശ്ചയിക്കൽ
- പ്രാദേശിക വിദഗ്ധരുടെ പങ്കാളിത്തത്തിൽ ക്ലബ്ബുകളുടെ പ്രവർത്തനോദ്ഘാടനം ജൂൺ മാസത്തിൽ തന്നെ നടപ്പാക്കൽ
- ക്ലബ് പ്രവർത്തനങ്ങളുടെ പ്രതിമാസ അവലോകനവും മോണിറ്ററിംഗ് ഹെഡ്മാസ്റ്ററുടെ നേതൃത്തിൽ നടപ്പാക്കൽ
- ക്ലബ് പ്രവർത്തനങ്ങളിൽ മുൻസിപ്പാലിറ്റി സന്നദ്ധ സാമൂഹ്യ സംഘടനകൾ എന്നിവയുടെ സഹായവും പങ്കാളിത്തവും ഉറപ്പാക്കൽ

- ക്ലബ് ചുതമലയിൽ വിവിധ മേളകൾക്ക് ആവശ്യമായ മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തൽ
- ക്ലബ് നേതൃത്വത്തിൽ പരീക്ഷണ പ്രദർശനം, സെമിനാർ, ചർച്ച, ബോധവൽക്കരണ ക്ലാസ് എന്നിവ നടത്തൽ
- വിവിധ ക്ലബുകളുടെ നേതൃത്വത്തിൽ സാമൂഹ്യ സേവന പ്രവർത്തനങ്ങളിൽ പങ്കാളിയാക്കൽ

- ക്ലബ് പ്രവർത്തനങ്ങൾക്ക് സഹായകമായ രീതിയിൽ ദിനാചരണ പ്രവർത്തനങ്ങളെ ചിട്ടപ്പെടുത്തൽ
-
- സ്കൂൾ വാർഷികത്തിൽ വിവിധ ക്ലബ്ബുകളുടെ പ്രദർശനങ്ങൾ ഒരുക്കൽ
-
- ക്ലബ്ബുകൾ പ്രവർത്തനങ്ങൾ വർഷാവസാനം അച്ചടിച്ച് പ്രസിദ്ധീകരിക്കൽ

IV. **ബാലസഭ**

ലക്ഷ്യംകുട്ടികളുടെ സർഗാത്മക വികസനത്തിന് അവസരമൊരുക്കി ഓരോരുത്തർക്കും ഉള്ളിലുള്ള കഴിവുകളെ തിരിച്ചറിയുന്നതിന് അവസരം ഒരുക്കൽ

**പ്രവർത്തനങ്ങൾ**

- എല്ലാ വെള്ളിയാഴ്ചയും 3-4 ബാലസഭായോഗം ഭക്ഷണഹാളിൽ ചേരൽ
- ബാലസഭാ പ്രവർത്തനങ്ങളുടെ ചുമതലകൾ മാറി മാറി നിശ്ചയിച്ച് എല്ലാ വിദ്യാർത്ഥികൾക്കും അവസരം ഒരുക്കൽ
- ക്ലാസ് റൂം പഠന പ്രവർത്തനത്തിന്റെ ഭാഗമായി രൂപപ്പെട്ട ആവിഷ്കാര പ്രകടിത രൂപങ്ങൾ അവതരിപ്പിക്കുന്നതിനുള്ള വേദിയായി ബാലസഭയെ മാറ്റൽ
- വായനാ പ്രവർത്തനങ്ങളുമായി ബാലസഭാ പ്രവർത്തനങ്ങളെ ബന്ധിപ്പിക്കൽ (വായിച്ച പുസ്തകങ്ങങ്ങളെ ആധാരമാക്കി, നാടകം, കാവ്യമാല, സംഗീത ശില്പം, കഥാപ്രസംഗം. പുസ്തകറിവ്യൂ)
- യോഗനടത്തിപ്പിനുള്ള പ്രായോഗികാനുഭവ വേദികളായി ബാലസഭാ പ്രവർത്തനങ്ങളെ മാറ്റത്തക്കവിധം ചുമതലകൾ നൽകൽ (സ്വാഗതം അധ്യക്ഷൻ, ഉദ്ഘാടനം, കൃതജ്ഞത, മിനിറ്റ്സ് തയ്യാറാക്കൽ)
- രക്ഷിതാക്കൾ, പൂർവ്വവിദ്യാർത്ഥികൾ എന്നിവരുടെ പങ്കാളിത്തത്തോടെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ
- ബാലസഭ പ്രവർത്തനങ്ങളെ ഡോക്യുമെന്റ് ചെയ്ത് വാർഷികാഘോഷത്തിൽ വീഡിയോ പ്രദർശനം സംഘടിപ്പിക്കൽ
- ബാലസഭാ നേതൃത്വത്തിൽ സ്കൂൾ തലത്തിൽ കലാസന്ധ്യ അവതരണം
- സ്കൂൾ നടത്തേണ്ട ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ബാലസഭാ നേതൃത്വം നൽകൽ
- കുട്ടികളുടെ അവകാശ സംരക്ഷണത്തിനുള്ള വേദിയായി ബാലസഭയെ ഉയർത്തൽ
- കുട്ടികളുടെ കഥയരങ്ങ്, കവിയരങ്ങ്, നാടകം, നാടൻപാട്ട് എന്നിവ വികസിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം ബാലസഭാ പ്രവർത്തനങ്ങളിലൂടെ നൽകൽ

V. സ്കൂൾ പാർലമെന്റ്

**ലക്ഷ്യം**

കുട്ടികളിൽ ജനാധിപത്യബോധം വളർത്തിയെടുത്ത് നേതൃശേഷി വികസനത്തിന് അവസരമൊരുക്കുക.

**പ്രവർത്തനങ്ങൾ**

- സ്കൂൾ തലത്തിൽ ലീഡർ, ഡെപ്യൂട്ടി ലീഡർ എന്നിവരെ തിരഞ്ഞെടുക്കുന്നതിനുള്ള തിരഞ്ഞെടുപ്പ് നടത്തൽ
- തിരരഞ്ഞെടുപ്പിൽ നടക്കുന്ന എല്ലാ അനുഭവങ്ങളുടെയും പുനരാവിഷ്കരണം സ്കൂൾതല തിരഞ്ഞെടുപ്പിന് ഉറപ്പ് വരുത്തുക വിദ്യാർത്ഥികൾക്ക് നേതൃത്വ പരിശീലനത്തിന് ഏകദിന ശില്പശാല സംഘടി പ്പിക്കൽ
- ക്ലാസ് തലത്തിൽ ലീഡർമാരെ നിശ്ചയിക്കൽ
- ജനാധിപത്യം അനുഭവിച്ചറിയാൻ കുട്ടിക്കും കഴിയുംവിധം ഓരോ പ്രവർത്തനവും ജനാധിപത്യ സംസ്ക്കാരം ഉൾക്കൊണ്ട് നടപ്പാക്കൽ
- കുട്ടികളുടെ അഭിപ്രായങ്ങൾ പരിഗണിച്ച് സ്കൂൾതല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ

**<u>സംയോജിത വിദ്യാഭ്യാസം</u>**

<u>ലക്ഷ്യങ്ങൾ</u>

ശാരീരികവും മാനസികവുമായി വെല്ലുവിളികൾ നേരിടുന്ന കുഞ്ഞുങ്ങൾക്ക് അവരുടെ കഴിവുകൾ വികസിപ്പിക്കുവാൻ സ്കൂളിനെ സജ്ജമാക്കുക

**പ്രവർത്തനങ്ങൾ**

- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ സർക്കാർ നടത്തുന്ന മെഡിക്കൽ ക്യാമ്പുകളിൽ പങ്കെടുപ്പിക്കുക.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുഞ്ഞുങ്ങളുടെ രക്ഷിതാക്കൾക്ക് ബോധവൽക്കരണം നടത്തി പഠന പ്രവർത്തനങ്ങളിൽ അവരുടെ പങ്കാളിത്തം ഉറപ്പാക്കൽ
- പ്രത്യേക പരിഗണന അർഹിക്കുന്ന ഓരോ കുട്ടിയുടെയും വിവരങ്ങൾ വിശദമായി രേഖപ്പെടുത്തി അവർ കേസ് ഹിസ്റ്ററി ക്ലാസ് അധ്യാപകർ തയ്യാറാക്കുന്നു.
- വ്യത്യസ്ത തരത്തിലുള്ള വൈകല്യങ്ങൾ അനുഭവിക്കുന്ന ഓരോ കുഞ്ഞുങ്ങൾക്കും അനുസ്യതമായി ബോധന പരിപാടി രൂപപ്പെടുത്തൽ
- കുട്ടികളുടെ സവിശേഷമായ കഴിവുകൾ ഏതെന്ന് കണ്ടെത്തി അതിനെ പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നൽകൽ
- ഐ.സി.ടി. സാധ്യത ഉപയോഗപ്പെടുത്തി കുട്ടികൾക്ക് പ്രത്യേകമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ
- വിദഗ്ധർ, റിസോഴ്സ് അധ്യാപകർ തുടങ്ങിയവരുടെ സേവനങ്ങൾ ലഭ്യമാക്കി അധ്യാപകരുടെ കഴിവ് വികസിപ്പിക്കൽ
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായി നടത്തുന്ന ക്യാമ്പുകൾ, പരിശീലന ഗ്രാന്റുകൾ എന്നിവയിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കൽ
- അനുരൂപീകരണ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ടീച്ചിംഗ് മാനുവൽ തയ്യാറാക്കൽ
- ജീവിത നൈപുണി പരിശീലനം നൽകൽ

- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ ചെറിയ കഴിവുകൾ പോലും രക്ഷിതാക്കളുമായി പങ്കിടൽ കുട്ടികളുടെ കഴിവുകൾക്ക് പൊതുവായ അംഗികാരം നൽകൽ

## പ്രീപ്രൈമറി

ലക്ഷ്യങ്ങൾ
സ്കൂൾ പരിധിയിലുള്ള എല്ലാ വിദ്യാർത്ഥികൾക്കും ശാസ്ത്രീയമായ പ്രീപ്രൈമറി പഠനം ഉറപ്പ് വരുത്തി അവരെ പൊതുവിദ്യാഭ്യാസ മേഖലയിൽ നിലനിർത്തുക.

**പ്രവർത്തനങ്ങൾ**

- ആവശ്യമായ കളിപ്പാട്ടങ്ങൾ, ചിത്രചാർട്ടുകൾ, രൂപങ്ങൾ, സംഗീതോപകരണങ്ങൾ ലഭ്യമാക്കൽ
- ഇൻഡോർ ഔട്ട്ഡോർ ഗെയിമുകൾക്കാവശ്യമായ കളിയുപകരണങ്ങൾ ക്രമീകരിക്കൽ
- ആകർഷകമായ തീം ചുവരുകൾ പ്രീ-പ്രൈമറി ക്ലാസിൽ സജ്ജമാക്കുക.
- പ്രീപ്രൈമറി കുട്ടികൾക്കാവശ്യമായ പ്രവർത്തന കാർഡുകൾ രൂപപ്പെടുത്തൽ
- പ്രീപ്രൈമറി കുട്ടികൾക്ക് ഉച്ചഭക്ഷണം. ലഘുഭക്ഷണം എന്നിവയുടെ വിതരണം കാര്യക്ഷമമാക്കൽ
- പ്രീപ്രൈമറി ക്ലാസിലേക്കാവശ്യമായ കഥാപുസ്തകങ്ങൾ, ചിത്രപുസ്തകങ്ങൾ ശേഖരിക്കൽ
- പ്രീ-പ്രൈമറി രക്ഷിതാക്കൾക്കായുള്ള പ്രത്യേക ക്ലാസുകൾ സംഘടിപ്പിക്കൽ
-
- സ്കൂൾ പരിധിയിൽ അടുത്തവർഷം പ്രീപ്രൈമറിയിൽ എത്തേണ്ട കുട്ടികളുടെ രക്ഷിതാക്കൾക്ക് പ്രത്യേക ബോധവൽക്കരണ പരിപാടി
- പ്രീ-പ്രൈമറി അങ്കണവാടി കുട്ടികളെ സംയോജിപ്പിച്ചുകൊണ്ട് കലാമേളകൾ സംഘടിപ്പിക്കുക.
- പ്രീ-പ്രൈമറി ക്ലാസിലേക്ക് കമ്പ്യൂട്ടർ സൗകര്യങ്ങൾ സജ്ജമാക്കുക.
-

**സമൂഹ പങ്കാളിത്തം**

ലക്ഷ്യങ്ങൾ

- വിദ്യാലയ പുരോഗതിയിൽ സ്കൂളിന് ചുറ്റുമുള്ള തല്പരരായ എല്ലാ വിഭാഗം ജനങ്ങളുടെയും പിന്തുണ വിദ്യാലയ വികസനത്തിന് ഉറപ്പ് വരുത്തുക
- എസ്.എം.സി. ക്ലാസ് പി.ടി.എ, സ്കൂൾ സപ്പോർട്ട് ഗ്രൂപ്പ്, പൂർവ്വവിദ്യാർത്ഥി സംഘടന എന്നിവയെ ശക്തമാക്കി വിദ്യാലയ പ്രവർത്തനങ്ങൾക്ക് സമൂഹത്തിന്റെ വൈദഗ്ധ്യം പ്രയോജനപ്പെടുത്തുക.

**പ്രവർത്തനങ്ങൾ**

**വിദ്യാലയസൗഹൃദസമിതി**

- വിദ്യാലയുമായി സഹകരിക്കാൻ താല്പര്യമുള്ള പൂർവ്വവിദ്യാർത്ഥികൾ, പൂർവ്വാധ്യാപകർ പൊതുവിദ്യാഭ്യാ സത്തിൽ താൽപര്യമുള്ളവർ എന്നിവരുടെ ലിസ്റ്റ് തയ്യാറാക്കുക.

- ഇവരെ ഉൾപ്പെടുത്തി വിദ്യാലയസൗഹൃദസംഗമം സംഘടി പ്പിച്ച് വിദ്യാലയ വികസനപദ്ധതിയിൽ അവരുടെ ക്രിയാത്മ കമായ പങ്കാളിത്തം ഉറപ്പുവരുത്തുക.
- എസ് എം സിയിൽ എല്ലാവരുടേയും ക്രിയാത്മക പങ്കാളിത്തം, സജീവമായ ചർച്ച. കൃത്യവും പ്രായോ ഗികവുമായ തീരുമാനങ്ങളെടുക്കൽ, തത്സമയ മിനിറ്റ്സ്. അവലോകനവും ആസൂത്രണവും എന്നിവ മെച്ചപ്പെട്ട രീതിയിൽ നടത്തുക.
- 

പ്രവർത്തനങ്ങൾ

- എസ് എം സിയിലെ ഓരോ അംഗത്തിന്റെയും ചുമതലകൾ കൃത്യപ്പെടുത്തൽ വികസനമേഖലകൾ പരിഗണിച്ചുള്ള ഉപസമിതി അംഗമെന്ന നിലയിൽ)
- എസ് എം സി യോഗങ്ങൾ രണ്ടുമാസത്തിലൊരിക്കൽ വീതം (ഏപ്രിൽ, ജൂൺ, ആഗസ്റ്റ്, ഒക്ടോബർ, ഡിസംബർ. ഫെബ്രുവരി)
- സ്കൂൾ എസ്.ആർ.ജി കൂടി ക്ലാസ് പി.ടി.എ. അക്കാദമിക നില വാരം എന്നിവ സംബന്ധിച്ച് സ്ഥിതി വിവരക്കണക്കു കളുടെ അടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കി എസ് എം സിയിൽ അവതരിപ്പിക്കൽ
- എസ് എം സി അംഗങ്ങൾക്കുള്ള ശിൽപശാല സംഘടിപ്പിക്കൽ

**ക്ലാസ് പി ടി എ**

1 വിദ്യാഭ്യാസ അവകാശനിയമം അനുശാസിക്കുന്ന വിധം ഓരോ കുട്ടിയുടേയും എല്ലാ വിഷയങ്ങളി ലേയും നിശ്ചിത കാലയളവിലെ പഠനപുരോഗതി, പഠനപ്രശ്നങ്ങൾ, ഹാജർ നില, കുട്ടികളുടെ മറ്റു കഴിവുകൾ എന്നിവ രക്ഷിതാക്കളെ ബോധ്യപ്പെടുത്തി പിന്തുണ ആർജ്ജിക്കുക.

പ്രവർത്തനങ്ങൾ

1 ക്ലാസി പി ടി എയുടെ ഉള്ളടക്കം, രീതി എന്നിവ സംബന്ധിച്ച് മാർഗരേഖ തയ്യാറാക്കി എസ് എം സിയുടെ അംഗീകാരം തേടൽ

2 ഓരോ ക്ലാസിലെയും പ്രതിമാസ പോർട്ട് ഫോളിയോയിൽ വരേണ്ട ഉല്പന്നങ്ങളെക്കുറിച്ച് എസ് ആർ ജിയിൽ കൃത്യതപ്പെടുത്തൽ.

3 ക്ലാസ് പത്രത്തിന്റെ കോപ്പി ക്ലാസ് പി ടി എ അംഗങ്ങൾക്ക് എല്ലാവർക്കും നൽകൽ (കുട്ടി നേടേണ്ട കഴിവുകൾ, ക്ലാസ് വിശേഷങ്ങൾ, ക്ലാസിലെ നേട്ടങ്ങൾ എന്നിവ ഉൾപ്പെടുത്തി തയ്യാറാക്കണം).

4)ക്ലാസ് പി.ടി.എ.യുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിനായി ഭവനസന്ദർശനം നടത്തൽ

**സ്കൂൾ വാർഷികം**

- സ്കൂൾ വാർഷികം സമൂഹത്തിന്റെ മൊത്തം ശ്രദ്ധ പിടിച്ചുപറ്റുന്ന വിധം അനുബന്ധ പരിപാടികളോടെ (സെമിനാർ. പ്രദർശനം, പ്രീപ്രൈമറി കലാമേള, രക്ഷിതാക്ക ളുടെ കലാസന്ധ്യ, നാടൻപാട്ടരങ്ങ്, സാം സ്കാരിക സമ്മേളനം, ശിൽപശാലകൾ, ക്ലാസ് പി ടി എ/ എസ് എം സി വാർഷികം, കേരളോത്സവ പ്രതിഭകളുടെ അവതരണം. പ്രഗത്ഭരെ ആദരിക്കൽ തുടങ്ങിയ ഇനങ്ങൾ)

- വാർഷികത്തിൽ എസ്.എം. സി തയ്യാറാക്കിയ വികസന പദ്ധതിയുടെ നിർവഹണവിലയിരുത്തലും വരും വർഷത്തേക്കുള്ള പ്രവർത്തനപദ്ധതിയുടെ
- വിദ്യാലയത്തെക്കുറിച്ച് സമൂഹം ഗൗരവത്തോടെ ചിന്തിക്കുന്ന തിനുള്ള വസരമൊരുക്കും വിധം വിവിധസ്ഥാപനങ്ങളേയും വ്യക്തികളേയും വാർഷികവുമായി ബന്ധിപ്പിക്കൽ

**എല്ലാവർക്കും പ്രവേശനം**

വിദ്യാലയത്തിന്റെ പരിധിയിൽ വരുന്ന പ്രൈമറി വിദ്യാഭ്യാസ പ്രായത്തിലുള്ള എല്ലാവരേയും ഉൾക്കൊള്ളുക.

പ്രവേശിക്കപ്പെട്ട എല്ലാ വിദ്യാർത്ഥികൾക്കും അവസരവും പങ്കാളിത്തവും നൽകി അവരുടെ നാനാ വിധമായ കഴിവുകൾ വികസിപ്പിക്കുക.
പൊതുവിദ്യാഭ്യാസത്തിന്റെ കരുത്ത് സമൂഹത്തെ ബോധ്യ പ്പെടുത്തി പിന്തുണ ആർജ്ജിക്കുക
പ്രവർത്തനങ്ങൾ

- വിദ്യാലയത്തിന്റെ സ്ഥാനം, വാർഡ്, വിദ്യാലയത്തിന്റെ കാച്ച്മെന്റ് ഏരിയ പ്രവർത്തന പരിധി എന്നിവ വ്യക്തമാ ക്കുന്ന ഭൂപടം തയ്യാറാക്കൽ
- അംഗൻവാടി പ്രവർത്തകർ, മുൻസിപ്പൽ കൗൺസിലർമാർ, ഓമല്ലൂർ ഗ്രാമപഞ്ചായത്ത് അംഗങ്ങൾ. പ്രദേശവാസികൾ, പി ടി എ പ്രതിനിധികൾ തുടങ്ങിയവരുടെ സഹകരണത്തോടെ വിദ്യാലയത്തിന്റെ പ്രവർത്തന പരിധി കൃത്യപ്പെടുത്തൽ (സ്ഥലനാമസഹിതം വീടുകളുടെ എണ്ണം)
- അംഗൻവാടി പ്രവർത്തകരിൽ നിന്നും ആരോഗ്യ പ്രവർത്തകരിൽ നിന്നും സ്കൂൾ പരിധിയിൽപ്പെട്ട വിദ്യാലയ ത്തിൽ പഠിക്കേണ്ട കുട്ടികളുടെ ലിസ്റ്റ് ശേഖരിക്കൽ (വരും വർഷങ്ങളിൽ പഠിക്കേണ്ടവരു ടേയും കണക്ക് ഒരു വയസു മുതലുള്ളവരുടെയും)

# അക്കാദമികമാസ്റ്റർ പ്ലാൻ
## 2025-26

സ്കൂളിന്റെ പേര് - ഗവ.എൽ.പി.സ്കൂൾ, കൊടുന്തറ

വിദ്യാഭ്യാസ ഉപജില്ല- പത്തനംതിട്ട

റവന്യൂ ജില്ല - പത്തനംതിട്ട

## ആമുഖം

പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി താലൂക്കിൽ പത്തനംതിട്ട നഗരസഭ പ്രദേശമായ കൊടുന്തറയിലാണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്. 1948 സ്ഥാപിതമായി. പ്രദേശവാസികളായ നിരവധി സുമനസ്സുകളുടെ ശ്രമഫലമായാണ് ഈ വിദ്യാലയം രൂപം കൊണ്ടത് ഒരു കാലത്ത് പ്രദേശത്തിന്റെ വളർച്ചയ്ക്ക് നിർണ്ണായകമായ പങ്കുവഹിച്ച വിദ്യാലയമാണിത്. ഇവിടെ പഠിച്ച നിരവധിപേർ വിവിധമേഖലകളിൽ പ്രശസ്തരായിട്ടുണ്ട് .ഇന്ന് കുട്ടികളുടെ എണ്ണം അല്പം കുറവാണെങ്കിലും പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ മികച്ച നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാവർഷവും എൽ എസ് എസ് സ്കോളർഷിപ്പ് ശാസ്ത്രമേള വിജയം, കലാകായിക മത്സരങ്ങൾ എന്നിവയെല്ലാം നേട്ടം കൈവരിക്കുന്നു. സാമൂഹിക പങ്കാളിത്തത്തോടെ ദിനാചരണങ്ങൾ മികച്ച അക്കാദമിക പ്രവർത്തനങ്ങൾ പിന്നോക്കക്കാർക്ക് പ്രത്യേക ക്ലാസ് ഭിന്നശേഷിക്കാർക്ക് പ്രത്യേക പരിഗണന തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്തുപോരുന്നു. തുടർന്നും മികച്ച നേട്ടങ്ങൾക്ക് ഈ മാസ്റ്റർപ്ലാൻ സഹായകമാകുമെന്ന് വിശ്വസിക്കുന്നു

**പൊതു ലക്ഷ്യങ്ങൾ**

| | |
|---|---|
| സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം<br>ഭാഷാശേഷി വികസനം<br>ഗണിത ശേഷി വികസനം<br>ഇംഗ്ലീഷ് പഠനം അനായാസമാക്കൽ<br>ശാസ്ത്രാഭിരുചി വളർത്തൽ<br>പഠനയാത്ര<br>സ്കൂൾ പത്രം, മാസിക<br>മികച്ച മാനസിക വൈകാരിക ആരോഗ്യം<br>ദിനാചരണങ്ങൾ<br>കായികശേഷി വികസനം<br>വ്യക്തിത്വവികാസം<br>ഐടി പഠനം കാര്യക്ഷമമാക്കൽ<br>എൽഎസ്എസ് പരിശീലനം<br>അന്വേഷണാത്മക പഠനം<br>പ്രാദേശിക പിടിഎ<br>ചിത്രരചനാ ക്യാമ്പ്<br>പഠനോപകരണ നിർമ്മാണം<br>എസ്. ആർ ജി മെച്ചപ്പെടുത്തൽ<br>ക്ലാസ് പിടിഎ<br>സ്കൂൾ ബ്ലോഗ്കാര്യക്ഷമമാക്കൽ<br>സംയോജിത വിദ്യാഭ്യാസം<br>രക്ഷകർത്താ വിദ്യാഭ്യാസം<br>മോണിറ്ററിങ് ശക്തമാക്കൽ | |

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് | കുട്ടികളുടെ പഠനനില അറിഞ്ഞുകൊണ്ട് അവർക്ക് ആവശ്യമായ പഠന പിന്തുണ നൽകുക<br>കൂട്ടുകാരെ പരിചയപ്പെടൽ അറിയാൻ അവധിക്കാല അനുഭവം പങ്കുവെക്കൽ സ്കൂളിനെ അറിയൽ<br>റോഡ് നിയമങ്ങൾ മനസ്സിലാക്കൽ വ്യക്തിശുചിത്വം പരിസരത്വം ഹരിത ക്യാമ്പസ് സ്കൂൾ സൗന്ദര്യവൽക്കരണം പോഷണം<br>ശുചിത്വം വ്യായാമം നല്ല ഉറക്ക ശീലം മനസ്സിൻറെ സന്തോഷം ആരോഗ്യ മര്യാദകൾ<br>ഡിജിറ്റൽ ഉപകരണങ്ങളുടെ സാമൂഹ്യ മാധ്യമങ്ങളുടെ ഫലപ്രദമായ ഉപയോഗം അറിഞ്ഞിരിക്കേണ്ട വിവരങ്ങൾ ഉപകരണങ്ങളുടെ അമിത ഉപയൊഗം ഉണ്ടാക്കുന്ന വ്യക്തിപരവും സാമൂഹികവുമായ ആഘാതങ്ങൾ<br>പൊതുമുതൽ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കൽ<br>പരസ്പര സഹകരണത്തിന്റെ പ്രാധാന്യം മനസ്സിലാക്കൽ വിവിധ മേഖലകളുമായി ബന്ധപ്പെട്ട വിവരങ്ങളുടെ പൊതു ക്രോഡീകരണം | 03/06/2025-13/06/2025 തുടർന്ന് പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട തുടർന്ന് പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് | | |

## മലയാളം-ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിച്ച് എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി വായിക്കാനും എഴുതാനും ഉള്ള ശേഷി വികസനം | മലയാളത്തിളക്കം<br>വായനക്കാർഡ്<br>വായന ചാർട്ട് തയ്യാറാക്കൽ<br>ഐസിറ്റി സാധ്യത<br>അക്ഷരംഉറപ്പിക്കൽ<br>ചിഹ്നം ഉറപ്പിക്കൽ<br>പത്രവായന നിർമാണം<br>വാക്യ നിർമാണം | ജൂൺ - ഡിസംബർ | മലയാളം അധ്യാപകർ | |
| എല്ലാവരെയും സ്വതന്ത്ര വായനക്കാർ ആക്കുക | അമ്മ വായന<br>വായന കോർണർ ,വായനമത്സരം ,വായന കുറിപ്പ് തയ്യാറാക്കൽ ,വായനക്കൂട്ടം രൂപീകരിക്കാൻ നിലവാരത്തിനനുസരിച്ച് പുസ്തകവിതരണം ,വായന വാരാഘോഷം ,ക്ലാസ് ലൈബ്രറി നവീകരിക്കൽ | ജൂൺ മാർച്ച് | മലയാളം അധ്യാപകർ | |
| വായന പരിപോഷിപ്പിക്കാൻ | ഓരോ ക്ലാസിനും പത്രം ,<br>സ്കൂൾ പത്രം തയ്യാറാക്കൽ<br>ഐസിടി സാധ്യത പ്രയോജനപ്പെടുത്തൽ ,പത്രങ്ങൾ ലഭ്യമാക്കൽ,<br>അസംബ്ലിയിൽ വായന ,<br>പത്ര ക്വിസ്, ക്ലാസ് തല വായന ചർച്ച | ദിവസേന<br><br>മൂന്നു മാസം കൂടുമ്പോൾ<br><br>ദിവസേന | ക്ലാസ് ടീച്ചർ | |
| സർഗ ശേഷി വികാസം | ബാലസഭ<br>സ്കൂൾ മാസിക<br>സ്കൂൾ പത്രം<br>പഠനപ്രവർത്തനങ്ങളുടെ അവതരണം<br>ക്ലാസ് തല മത്സരങ്ങൾ<br>ഉൽപ്പന്ന പ്രദർശനം | ആഴ്ചയിൽ ഒന്ന്<br>ടേമിൽ ഒന്ന്<br>ടേമിൽ ഒന്ന്<br>പഠന പ്രവർത്തന | ക്ലാസ് അധ്യാപിക<br>എസ് ആർ ജി<br>എസ് ആർ ജി | |

| | | | | |
|---|---|---|---|---|
| | പുസ്തകചർച്ച<br>ക്വിസ്സ്<br>സാഹിത്യകാരന്മാരെ പരിചയപ്പെടൽ | ത്തിനനുസരിച്ച്<br>മാസത്തിൽ<br>മാസത്തിൽ<br>വർഷത്തിൽ | അധ്യാപകർ | |

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | | | സാമ്പത്തിക ം |
| --- | --- | --- | --- | --- |
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനുള്ള ശേഷി വികസനം | ലളിതമായ ഭാഷയിൽ ക്ലാസ്സുകൾ<br>ഹലൊഇംഗ്ലീഷ്<br>ഇംഗ്ലീഷ് അസംബ്ലി<br>റീഡിങ് കോണർ<br>ഡിസ്പ്ലേ ബോർഡ് ഇന്നത്തെ വാക്ക്<br>ബാലസഭ ഇംഗ്ലീഷ്<br>ഇംഗ്ലീഷ് ക്ലബ്ബ്<br>ICT ഉപയോഗപ്പെടുത്താൻ<br>ക്വിസ്<br>പോസ്റ്റുകൾ മാഗസിനുകൾ<br>പാഠ്യാനബന്ധ പ്രവർത്തനങ്ങൾ | ദിവസേന തീം അനുസരിച്ച്<br>യൂണിറ്റുമായി ബന്ധപ്പെട്ട്<br>ആഴ്ചയിൽ ഒന്ന്<br>സ്ഥിരമായി<br>ആഴ്ചയിൽ ഒന്ന്<br>മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ 1<br>മാസത്തിൽ ഒന്ന് | | |
| സർഗാത്മക ശേഷി വികസന ം | കഥ പറയൽ<br>റൈംസ്<br>ആക്ഷൻ സോങ്<br>പിക്ചർ റീഡിങ്<br>ഡിസ്കഷൻ<br>ഇംഗ്ലീഷ് ഫെസ്റ്റ്<br>Add more lines,I<br>CT സാധ്യത | പഠനപ്രവർത്തന ങ്ങൾക്ക് അനുസരിച്ച് | ബന്ധപ്പെട്ട അധ്യാപകർ | |

# പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | | | | |
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | അന്വേഷണാത്മക പഠനം<br>മൾട്ടിമീഡിയ ക്ലാസ് റൂം<br>തത്സമയം പരീക്ഷണം നടത്താനുള്ള അവസരം<br>സയൻസ് കോർണർ<br><br>നിരീക്ഷണപാടവം വർദ്ധിപ്പിക്കാനുള്ള അവസരങ്ങൾ<br>ശാസ്ത്ര പുസ്തകങ്ങൾ വായിക്കാൻ അവസരം<br>സയൻസ് ക്ലബ് പ്രകൃതിയോടിണങ്ങിയ ഉള്ള പഠനം<br>ജൈവവൈവിധ്യ പാർക്ക് നടത്തണം<br><br>പ്രകൃതി നടത്തം<br><br>ക്വിസ്സ് | പാഠ്യപ്രവർത്തന ങ്ങൾക്കനുസരിച്ച് സ്ഥിരമായി ആഴ്ചയിൽ ഒന്ന് മാസത്തിൽ ഒന്ന് പഠന പ്രവർത്തനത്തിന് അനുസരിച്ച് മാസത്തിൽ ഒന്ന് മാസത്തിൽ ഒന്ന് | സയൻസ് അധ്യാപകർ | |
| ശാസ്ത്രമേളകളി ലെ പങ്കാളിത്തം നവീകരണം | ക്ലാസ് തലമേള<br>സ്കൂൾതലമേള | | | |
| ശാസ്ത്ര ലാബിന്റെ | പരിസരത്തു നിന്നും ലഭിക്കുന്ന സാധനങ്ങൾ ശേഖരിക്കൽ തൽസമയ പരീക്ഷണത്തിന് അവസരം<br>പുതിയ ഉപകരണങ്ങൾ നിർമ്മാണം | | | |

## ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതപഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ<br>ഗണിതപഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | ഗണിത കിറ്റ് തയ്യാറാക്കൽ<br>കിറ്റ് കളുടെ പരമാവധി ഉപയോഗം<br><br>സാധന സംയുക്ത പഠനം പ്രകൃതിയിലെ ഗണിത സാധ്യതകൾ കണ്ടെത്തൽ<br>ഐസിടി സാധ്യത ഉപയോഗപ്പെടുത്താൻ<br>ഗണിത ലാബ്<br><br>ഗണിത കുസൃതി ചോദ്യങ്ങൾ<br>ചിത്രീകരണം<br>ഉല്ലാസഗണിതം<br><br>ഗണിതവിജയം<br>സ്വയം പ്രവർത്തനങ്ങൾ ഗണിത ക്ലബ്ബ്<br>ഗണിത പുസ്തകങ്ങൾ ഉപയോഗപ്പെടുത്തൽ<br>മന കണക്കുകൾ | ആഴ്ചയിൽ ജൂൺ<br>എല്ലാദിവസവും<br>സാധ്യത അനുസരിച്ച് ജൂൺ<br>മാസത്തിൽ ഒന്ന്<br>ബാലസഭ<br>സാധ്യതയ്ക്ക് അനുസരിച്ച്<br>മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ജൂൺ<br>എല്ലാദിവസവും<br>സാധ്യത അനുസരിച്ച് ജൂൺ<br>മാസത്തിൽ ഒന്ന്<br>ബാലസഭ<br>സാധ്യതയ്ക്ക് അനുസരിച്ച്<br>മാസത്തിൽ ഒന്ന്<br>സഭ ചുമതല | ക്ലാസ് അധ്യാപകർ<br><br>ഗണിത അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | പ്രീടെസ്റ്റ് മുന്നൊരുക്കം വാർഷിക നൽകൽ<br>ഗ്രൂപ്പ് പ്രവർത്തനങ്ങൾ ഇയർ ടീച്ചിംഗ്<br>ഗണിതവിജയം ഉല്ലാസഗണിതം<br>പ്രവർത്തനങ്ങളുടെ ആ സ്ഥലം<br>ഗണിതക്കളികൾ ഗണിത കെട്ടിനെ ഉപയോഗം | ജൂൺ ജൂൺ<br>എല്ലാമാസവും<br>പ്രവർത്തനത്തിന് അനുസരിച്ച് ആഴ്ചയിൽ<br>പ്രവർത്തനത്തിന് അനുസരിച്ച് ആഴ്ചയിൽ ഒന്ന് ദിവസേന | ഗണിത അധ്യാപകർ | |
| ഗണിത ആസ്വാദനം | ഗണിത ക്യാമ്പ്<br>ഗണിത മത്സരങ്ങൾ<br>ഗണിത ക്വിസ്<br>ചിത്രരചന<br>പസിലുകൾ<br>കടങ്കഥകൾ | മാസത്തിൽ ഒന്ന് | ഗണിത അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | | | | |

**ഐടി പഠനം കാര്യക്ഷമമാക്കൽ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവരസാങ്കേതികവിദ്യ അക്കാദമിയെ പ്രയോജനപ്പെടുത്തുന്നു | ലാപ്ടോപ്പുകൾ പ്രവർത്തനക്ഷമമാക്കുക മൾട്ടിമീഡിയ ക്ലാസ് റൂം പ്രവർത്തനങ്ങൾ കണ്ടെത്തുക കമ്പ്യൂട്ടർ ഉപയോഗത്തിന് പ്രത്യേക സമയം കണ്ടെത്തുക ക്ലാസുകൾ ഹൈടെക് കാക്ക സ്കൂൾ പ്രവർത്തനങ്ങൾ വാട്ട്സ്ആപ്പ് ഫേസ്ബുക്ക് തുടങ്ങിയ സോഷ്യൽ മീഡിയയിലൂടെ ഷെയർ ചെയ്യുക<br><br>പഠന പ്രവർത്തനങ്ങൾക്കായി ഐസിടി സാധ്യത പരമാവധി ഉപയോഗപ്പെടുത്തുക | ജൂൺ ടു മാർച്ച് | ക്ലാസ് അധ്യാപകർ<br>PTA<br>SMC | |

## സ്കോളർഷിപ്പ് പരിശീലനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരമാവധി കുട്ടികളെ lss പരീക്ഷയിൽ പങ്കെടുപ്പിക്കാൻ | എൽ എസ് എസ് കുട്ടികൾക്കായി വിഷയാടിസ്ഥാനത്തിൽ പ്രത്യേക ക്ലാസുക ൾ | ജൂൺ ------- | ക്ലാസ് അധ്യാപകർ | |

## സംയോജിത വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തി കം |
|---|---|---|---|---|
| ലക്ഷ്യം പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ സ്കൂളിൽ എത്തിക്കൽ<br><br>മികച്ച പരിഗണന നൽകുന്നതിനും | പാഠ്യ പ്രവർത്തനങ്ങളുടെ അനുരൂപീകരണം റിസൊഴ്സ് ടീച്ചറുടെ സഹായം ഒരു കുട്ടികളുടെയും പ്രത്യേക കഴിവുകൾ തിരിച്ചറിയുന്നതിന് പരിശീലനം താല്പര്യമുള്ള പഠനോപകരണങ്ങൾ വേദിയൊരുക്കുക | | | |

## ക്ലാസ്പി ടി എ രക്ഷകർത്ത വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലക്ഷ്യം കുട്ടികൾക്ക് വേണ്ട പഠനാന്തരീക്ഷം ഒരിക്കൽ | എല്ലാമാസവും ക്ലാസ് പിടിഎ വീട്ടിൽ നല്ല പഠനാന്തരീക്ഷം ഒരിക്കൽ ഉൽപന്നങ്ങളുടെ പ്രദർശനം പഠനത്തെ പറ്റി അവബോധം സൃഷ്ടിക്കൽ പറ്റിയ വിവരങ്ങൾ ഒരു രക്ഷിതാവിനെ അറിയിക്കുക ബോധവൽക്കരണ ക്ലാസുകൾ<br>മികവുകൾ പോരായ്മകൾ കണ്ടെത്തുന്നു<br>ഒരാഴ്ചക്ക് പ്രത്യേക പാക്കേജ് വീട്ടിൽ<br>മാസംതോറും ദിവസേന ടൈമിൽ നിന്ന് കിട്ടേണ്ട പിന്തുണ എന്തൊക്കെ മനസ്സിലാക്കി കൊടുക്കൽ<br>മാസംതോറും വിലയിരുത്തൽ | മാസംതോറും ദിവസേന ടേമിൽ | | |

## വിലയിരുത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരന്തര വിലയിരുത്തൽ ഫലപ്രദമായി ആസൂത്രണം ചെയ്യുന്നു | വ്യക്തിഗത വിലയിരുത്തൽ<br>ഗ്രൂപ്പ് പ്രവർത്തനം വിലയിരുത്തൽ<br>ക്ലാസ് പ്രകടനങ്ങൾ<br>യൂണിറ്റ് ടെസ്റ്റ്<br>ടെം മൂല്യനിർണയം<br>ഉൽപ്പന്നങ്ങളുടെ വിലയിരുത്തൽ പാഠ്യേതര | ദിവസേന<br>ആഴ്ചയിൽ<br>ദിവസേന<br>മാസത്തിൽ<br>ടീമിൽ<br>മാസത്തിൽ | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | പ്രവർത്തനങ്ങൾ<br>പരിഹാരബോധനം | മാസത്തിൽ<br>ദിവസേന | | |

**ദിനാചരണങ്ങൾ സമൂഹ പങ്കാളിത്തം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ദിനാചരണങ്ങൾ സമൂഹ പങ്കാളിത്തത്തോടെ നടത്തുന്നു | ദിനാചരണങ്ങൾ ലിസ്റ്റ് ചെയ്യുന്നു പ്രവർത്തനങ്ങൾ കണ്ടെത്തി ക്രമമായി ആസൂത്രണം ചെയ്യുന്നു എസ്ആർജി സമൂഹത്തെ എങ്ങനെ പങ്കാളിയാകാം പഠന പ്രവർത്തനങ്ങളുമായി പൊരുത്തപ്പെടുന്നു മുൻകൂട്ടി നിർദ്ദേശങ്ങൾ നൽകുക എസ് എംസിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമം ആക്കൽ | സാധ്യത അനുസരിച്ച് | | |